*Office of the Accountant General (A&E), Kerala,*
P.B.No.5607, M.G.Road, Thiruvananthapuram-695039,
Phone: 0471-2330311, Fax: 0471-2330242.

**P19/II/KFF/2016-17/** **Dated: /10/2016**

To

**All District/Sub Treasury Officers**

Sir,

Sub: Kerala Freedom Fighter Pension- Pension payment through Public Sector Banks – Orders issued.

Ref: G.O.(P).No. 17/2016/PAD, dated: 16/08/2016 Of Public Administration (FFP-B)Department, Govt.of Kerala.

I am to enclose herewith copies of GO.Ms issued by Public Administration (FFP-B)Department, Govt.of Kerala Regarding Kerala Freedom Fighter Pension- Pension payment through Public Sector Banks along with District/Sub Treasuries- Orders issued, in the reference cited. The same is being placed in the official website of this office (www.agker.cag.gov.in). under the link:-"***Treasury endorsement of orders for other states***". A copy of this letter may be exhibited on the notice board of the treasury.

Yours faithfully

Accounts Officer

Copy to:-

The Director of Treasuries
Thiruvananthapuram

s/d
Accounts Officer

9/V/ICFF/NW/175
21/09/16

P/9

263677
19/9/2016

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ് - കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ/ തുടർ പെൻഷൻ വിതരണം ട്രഷറിയ്ക്കു പുറമെ പൊതുമേഖലാ ബാങ്കുകൾ വഴി കൂടിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുഭരണ(എഫ്.എഫ്.പി-ബി) വകുപ്പ്

സ.ഉ(പി) നമ്പർ:17/2016/പൊ.ഭ.വ   തീയതി,തിരുവനന്തപുരം:16.08.2016

---

പരാമർശം-(1) മുൻ കേന്ദ്രമന്ത്രി ശ്രീ കെ.സി വേണുഗോപാൽ എം.പിയുടെ 03.02.2012ലെ DO No MOSP/VIP/1913/2012 നമ്പർ കത്ത്.
(2) അക്കൌണ്ടന്റ് ജനറലിന്റെ 24.03.2015ലെ പി19/ജനറൽ/15-16/2553 നമ്പർ കത്ത്.

## ഉത്തരവ്

കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ/തുടർ പെൻഷൻ ട്രഷറിയ്ക്കു പുറമെ പൊതുമേഖലാ ബാങ്കുകൾ മുഖേനയും വിതരണം ചെയ്യണം എന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരമുള്ള കത്തിനോടൊപ്പം ഒരു കുറിപ്പ് ലഭിക്കുകയുണ്ടായി. നിലവിൽ ട്രഷറികൾ വഴിയാണ് കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനും തുടർ പെൻഷനും വിതരണം ചെയ്തു വരുന്നത്. എന്നാൽ പ്രായാധിക്യം മൂലം പല സ്വാതന്ത്ര്യ സമര സേനാനികളും ട്രഷറികളിലേയ്ക്ക് യാത്ര ചെയ്ത് പെൻഷൻ വാങ്ങുന്നതിനുള്ള ആരോഗ്യസ്ഥിതിയിലല്ല എന്നും പെൻഷൻ വിതരണം പൊതുമേഖലാ ബാങ്കുകൾ വഴിയാക്കിയാൽ അത് അവർക്ക് വളരെ ഉപകാരപ്രദമായിരിക്കും എന്നും കുറിപ്പിൽ സൂചിപ്പിക്കുകയുണ്ടായി.

പരാമർശം (1)ലെ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന അപേക്ഷയിലെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം അക്കൌണ്ടന്റ് ജനറലും പെൻഷൻ വിതരണം പൊതുമേഖലാ ബാങ്കുകൾ മുഖേനയാക്കണമെന്ന നിർദ്ദേശത്തിനോട് യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പെൻഷൻ തുക പൊതുമേഖലാ ബാങ്കുകൾ വഴി സ്വീകരിക്കാൻ ആഗ്രഹിക്കുന്ന കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻകാർക്കും തുടർ പെൻഷൻകാർക്കും കേരള സർവ്വീസ് പെൻഷനും ഫാമിലി പെൻഷനും വിതരണം ചെയ്യുന്ന അതേ മാതൃകയിൽ പൊതുമേഖലാ ബാങ്കുകൾ വഴി കൂടി പെൻഷൻ വിതരണം ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. നിലവിലെ

സ്ഥിതി തുടരാൻ ആഗ്രഹിക്കുന്ന പെൻഷൻകാർക്ക് ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങാവുന്നതാണ്.

ഇപ്രകാരം പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**ഉഷ ടൈറ്റസ്**
**സെക്രട്ടറി**

ശ്രീ കെ.സി വേണുഗോപാൽ എം.പി, രാജീവം, പഴവീട് പി.ഒ, ആലപ്പുഴ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാക്കും
അക്കൌണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (11.12.2012ലെ 377/എക്സ്പ.ബി1/12/ഫിൻ നമ്പർ കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**